# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 20. 26.09.2011 ൽ മറുപടിയ്ക്ക്**

**തീവ്രവാദപ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ പി. ശ്രീരാമകൃഷ്ണൻ**<br>**ശ്രീ എ. പ്രദീപ് കുമാർ**<br>**ശ്രീ എ. എം. ആരിഫ്**<br>**ശ്രീ കെ. വി. അബ്ദുൾ ഖാദർ** | **ശ്രീ ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് തീവ്രവാദപ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഉണ്ടോ; വിശദമാക്കാമോ ; | (എ) തീവ്രവാദപ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനായി സംസ്ഥാനത്ത് പൊതുവായി സ്പെഷ്യൽ ബ്രാഞ്ചിൽ ഒരു ഇന്റേണൽ സെക്യൂരിറ്റി വിംഗ് പ്രവർത്തിക്കുന്നുണ്ട്. മത മൗലികവാദ/മത തീവ്രവാദ പ്രവർത്തനങ്ങൾ ഈ വിഭാഗം പ്രത്യേകം നിരീക്ഷിച്ചു വരുന്നു. ഇതു കൂടാതെ തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിനുവേണ്ടി എ. ഡി. ജി. പി. (ക്രൈംസ്) ന്റെ നേതൃത്വത്തിൽ ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ പ്രത്യേകമായി ഒരു ആഭ്യന്തര സുരക്ഷ അന്വേഷണ വിഭാഗവും (ISIT) പ്രവർ ത്തിക്കുന്നുണ്ട്. ISIT ക്ക് കൊച്ചിയിലും, കോഴിക്കോട്ടും ക്യാമ്പ് ഓഫീസുകൾ ഉണ്ട്. ഇതിനു പുറമേ സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഭീകര വിരുദ്ധ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ലോക്കൽ പോലീസും , പോലീസിലെ രഹസ്യാന്വേഷണ വിഭാഗവും തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നു. |

വന മേഖല തീവ്രവാദികൾ താവളമാക്കുന്നത് തടയുന്നതിന് വേണ്ടി കേരളാ പോലീസും, വനം വകുപ്പും ആദിവാസികളുടെ സഹകരണത്തോടെ വന മേഖലകളിൽ സംയുക്ത പരിശോധനയും രഹസ്യ നിരീക്ഷണവും നടത്തി വരുന്നു. കേരള, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുടെ അതിർത്തി വന മേഖലയിൽ മാവോയിസ്റ്റ് പോലുള്ള തീവ്രവാദ സംഘടനകൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് അയൽ സംസ്ഥാന പോലീസ്, വനം വകുപ്പ് എന്നിവരുമായി സഹകരിച്ച് ഉൾക്കാടുകളിൽ നിരീക്ഷണം നടത്തുകയും വന ജാഗ്രതാ സമിതി രൂപീകരിക്കുകയും വന മേഖലയിൽ നിന്നുള്ള രഹസ്യാന്വേഷണ നിരീക്ഷണം ശക്തിപ്പെടുത്തുകയും ചെയ്തു വരുന്നു.

മനുഷ്യകടത്തുവഴി തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാനും ആയത് തടയുവാനും Anti Human Trafficking Units (AHTU) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്ത് സമുദ്രാതിർത്തി വഴിയുള്ള ഭീകര പ്രവർത്തനം തടയുന്നതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 24 തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനമാരംഭിക്കു

ന്നതിന് തീരുമാനമായിട്ടുണ്ട്. നിർദ്ദിഷ്ട റവന്യൂ ജില്ലയിൽ ഉൾക്കടലിൽ 12 നോട്ടിക് മൈൽ അതിർത്തിയിൽ നിയമ പരിപാലനവും, ക്രമസമാധാന നിർവ്വഹണവുമാണ് ഓരോ സ്റ്റേഷന്റെയും ചുമതല.

തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട് 18 തീരദേശ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. തീരദേശ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ ജില്ലാ തലത്തിലും, പോലീസ് സ്റ്റേഷൻ തലത്തിലും കടലോര/കായലോര ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിലെ തീരദേശ പോലീസ്, കോസ്റ്റ് ഗാർഡ്, നാവിക സേന എന്നിവയുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ സുഗമമാക്കാനായി കൊച്ചിയിൽ ജോയിന്റ് ഓപ്പറേഷൻ സെന്റർ (JOC) ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. തീരദേശ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഒട്ടും താമസമില്ലാതെ മൂന്ന് ഏജൻസികൾ തമ്മിൽ വിവരങ്ങൾ കൈമാറുന്നതിന് വേണ്ട ക്രമീകരണ

ങ്ങൾ നടപ്പിൽ വന്ന് കഴിഞ്ഞിട്ടുണ്ട്. തീരദേശത്തെ അത്യാവശ്യ വിവരങ്ങൾ ജെ. ഒ. സി. യ്ക്ക് കൈമാറുന്നതിനും തീരദേശ പോലീസ് സ്റ്റേഷനുകളിൽ നിരന്തരം ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് കൈകാര്യം ചെയ്യുന്നതിനുമായി എസ്. ബി. സി. ഐ. ഡി. ഹെഡ് ക്വാർട്ടേഴ്സിലെ എസ്. പി. എം. ആർ. 24 മണിക്കൂറും പ്രവർത്തിക്കുന്ന കോസ്റ്റൽ സെക്യൂരിറ്റി കൺട്രോൾ റൂമായി പ്രവർത്തിച്ചുവരുന്നു. ഇവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതിനും കോ - ഓർഡിനേഷൻ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. തീരദേശ സുരക്ഷയെ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നതിന് 1093 എന്ന ടോൾ ഫ്രീ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. തീരദേശ സുരക്ഷയ്ക്കായും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഏകോപന സമിതിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ തീവ്രവാദ ബന്ധവും സംരക്ഷണങ്ങളും സംബന്ധിച്ച ഏതെങ്കിലും വിക്കിലീക്സ് വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് തീവ്രവാദ സംബന്ധമായ കാര്യങ്ങളെക്കുറിച്ച് വിക്കിലീക്സിൽ പരാമർശമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിമി, എൻ.ഡി. എഫ്., എന്നീ സംഘടനകളെക്കുറിച്ചും കോഴിക്കോട് ബസ് സ്റ്റാൻഡിലുണ്ടായ ബോംബ് സ്ഫോടനങ്ങളെക്കുറിച്ചും പരാമർശമുണ്ട്. സംസ്ഥാന പോലീസിന് അറിവുള്ളതും, ഉപരിതല സ്പർശിയായതുമായ കാര്യങ്ങളാണ് വെളിപ്പെടുത്തലുകളിൽ കാണുന്നത്.

(സി) എങ്കിൽ വെളിപ്പെടുത്തലുകളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ടോ?

(സി) പുതുതായി അന്വേഷിക്കേണ്ട വസ്തുതകളൊന്നും തന്നെ വിക്കിലീക്സിൽ വെളിപ്പെടുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ